3477

26/5/14 27/6/14

No. G2/6645/13

ചീഫ് എക്സിക്യൂട്ടിവ് ആഫീസറുടെ കാര്യാലയം
കേരള മോട്ടോർതൊഴിലാളി ക്ഷേമനിധിബോർഡ്,
കൊല്ലം, തീയതി: 22.05.14

**സർക്കുലർ നമ്പർ : 10/14**

വിഷയം: - കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്- 60 വയസ്സ് കഴിഞ്ഞ സ്വയം തൊഴിൽ ചെയ്യുന്ന വാഹനഉടമകളെ ക്ഷേമനിധി വിഹിതം ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കുന്നത് സംബന്ധിച്ച്.

സൂചന: - 22/12/2013 തീയതിയിലെ 280-ാമത് ബോർഡ്യോഗം.

അറുപത് വയസ്സ്കഴിഞ്ഞ സ്വയം തൊഴിൽ ചെയ്യുന്ന വാഹനഉടമകളെ ക്ഷേമനിധി വിഹിതം അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കുന്നതുമായി ബന്ധപ്പെട്ട് താഴെ വിവരിക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1). അറുപത് വയസ്സ് കഴിഞ്ഞ സ്വയം തൊഴിൽ ചെയ്യുന്ന വാഹനയുടമ

i). ഡ്രൈവർ തസ്തികയിലാണ് ജോലി ചെയ്യുന്നതെങ്കിൽ ട്രാൻസ്പോർട്ട് വാഹനം ഓടിക്കാനുള്ള വാലിഡ് ഡ്രൈവിംഗ് ലൈസൻസും ബാഡ്ജും ഉണ്ടായിരിക്കണം.

ii). ഹെവി ഗുഡ്സ്, ഹെവി പാസഞ്ചർ എന്നീ വാഹനങ്ങളിൽ ജോലി ചെയ്യുന്നവർക്ക് യഥാക്രമം ഹെവി ഗുഡ്സ്, ഹെവി പാസഞ്ചർ ലൈസൻസ് ഉണ്ടായിരിക്കണം

2). സ്വയം തൊഴിൽ ചെയ്യുന്ന ഉടമതന്നെയാണ് വാഹനത്തിൽ ജോലി ചെയ്യുന്നതെന്ന് ജില്ലാ/അഡീഷണൽ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർമാർക്ക് ബോദ്ധ്യപ്പെട്ടിരിക്കണം.

3). സ്വയം തൊഴിലാളിയെന്ന് അവകാശപ്പെടുന്ന വാഹന ഉടമയുടെ വാഹനത്തിൽ മറ്റ് തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ടെന്ന് ആക്ഷേപം ബോധിപ്പിക്കുകയും ആയത് തെളിയിക്കപ്പെടുകയും ചെയ്യുന്ന പക്ഷം ഉടമ ടി തൊഴിലാളികൾക്ക് വേണ്ടി ക്ഷേമനിധി വിഹിതം അടയ്ക്കുവാൻ ബാദ്ധ്യസ്ഥനായിരിക്കുമെന്ന് ഉടമയിൽ നിന്ന് സത്യവാങ്ങ് മൂലം എഴുതി വാങ്ങി സൂക്ഷിക്കേണ്ടതുമാണ്.

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ